കൂടുതൽ ഭൂഗർഭ അണകൾ കെട്ടുവാനാണ് ഭൂജല വകുപ്പ് ഉദ്ദേശിക്കുന്നത്. വിശദമായ പഠനം നടത്തി അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി ഭൂഗർഭ അണകൾ നിർമ്മിക്കുവാനാണ് ഭൂജല വകുപ്പ് ലക്ഷ്യമിട്ടിട്ടുള്ളത്. കൃത്യമായ സ്ഥലങ്ങൾ നിശ്ചയിച്ചിട്ടില്ല.

മത്സ്യബന്ധനത്തിനിടയിൽ അപകടങ്ങളിൽപ്പെട്ടു മരിക്കുന്നവരുടെ ആശ്രിതർക്ക് ധനസഹായം

14 (*446) ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യബന്ധനത്തിനിടയിൽ അപകടങ്ങളിൽപ്പെട്ട് മരിക്കുന്നവരുടെ ആശ്രിതർക്ക് ഗവൺമെന്റ് എന്ത് ധനസഹായം നൽകിവരുന്നു ;

(ബി) മത്സ്യബന്ധനത്തിനുപോകുന്നവരെ ഇൻഷ്വർ ചെയ്യാറുണ്ടോ ; അതിന്റെ പ്രീമിയം നൽകുന്നത് ആരാണ് ;

(സി) മത്സ്യത്തൊഴിലാളികളുടെ ഇൻഷ്വറൻസ് തുക മത്സ്യഫെഡ്സ്സോ മത്സ്യ തൊഴിലാളി ക്ഷേമനിധിയോ നൽകുന്നതിനുള്ള ഒരു പരിപാടിക്ക് രൂപം നൽകുമോ എന്ന് വ്യക്തമാക്കുമോ ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) :

(എ) മത്സ്യബന്ധനത്തിനിടയിൽ മരണമടയുന്ന തൊഴിലാളിയുടെ ആശ്രിതർക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധിബോർഡ് മുഖേന നടപ്പിലാക്കി വരുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിപ്രകാരം ഒരു ലക്ഷം രൂപ ധനസഹായം നൽകി വരുന്നു.

(ബി) ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം സംസ്ഥാന സർക്കാർ ബജറ്റ് ഉപയോഗിച്ച് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയാണ് മത്സ്യത്തൊഴിലാളികളെ ഇൻഷ്വർ ചെയ്യുന്നത്.

(സി) ഇൻഷ്വറൻസ് കമ്പനികൾ 10-9-2002 മുതൽ പ്രീമിയം നിരക്കിൽ വൻ വർദ്ധന വരുത്തിയിരിക്കുകയാണ്. അതിനാൽ 10-9-2002 മുതൽ ഇൻഷ്വറൻസ് പുതുക്കുകയുണ്ടായിട്ടില്ല. ഇതുസംബന്ധിച്ച് കമ്പനികളുമായി സർക്കാർതലത്തിൽ ചർച്ച നടന്നുവരുന്നു. ഇൻഷ്വറൻസ് പുതുക്കുന്നതു സംബന്ധിച്ച് അന്തിമ തീരുമാനം ഉണ്ടാകുന്നതുവരെ ഇൻഷ്വറൻസ് പദ്ധതി പ്രകാരം ധനസഹായം നൽകുന്ന അതേ നിരക്കിലും നിബന്ധനയിലും 10-9-2002 മുതൽ മത്സ്യത്തൊഴിലാളികൾക്ക് ആനുകൂല്യം നൽകാൻ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് തീരുമാനം എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly